ഉത്തരം

(എ-സി) കേളകം അടക്കാത്തോട് റോഡിലെ കി.മീ. 1/100 മുതൽ 7/000 വരെ നവീകരണത്തിനായി 9-11-2011-ലെ സ.ഉ. (സാധാ) നമ്പർ 1540/2011/ പൊ.മ.വ. പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റിൽ വന്ന മാറ്റംമൂലം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ടാർ ലഭിക്കുന്നില്ലെന്നുള്ള പരാതി

267 (1311) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാർ ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ടാർ ക്ഷാമം രൂക്ഷമാകാൻ കാരണമായത് എന്താണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ടാർ ക്ഷാമമില്ല.

സ്പീഡ് കേരള പദ്ധതി

268 (1312) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly